M 2441

Reg. No.: ..............................

Name : ................................

DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

# I Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W./ B.A. Afsal-Ul-Ulama Degree (CCSS – Reg./Supple./Improv.) Examination, November 2012
## COMMON COURSE IN MALAYALAM (For B.A./B.Sc.)
## 1A07 MAL : സാഹിത്യപഠനങ്ങൾ
## (2012 Admn.)

Time : 3 Hours

Max. Weightage : 30

I. താഴെ കൊടുത്തിട്ടുള്ള **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിനു ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും മൂല്യം (വെയിറ്റേജ് )1. **(4×1=4 വെയിറ്റേജ്)**

1) താഴെ കൊടുത്തിട്ടുള്ള കൃതികളുടെ കർത്താക്കളുടെ പേരെഴുതുക.

a) ദുരവസ്ഥ

b) വിട

c) മലബാർ എക്സ്പ്രസ്സ്

d) കാളിദാസന്റെ സിംഹാസനം

2) ''ദ്യോവിനെ വിറപ്പിക്കുമാവിളി കേട്ടോ, മണി –
ക്കോവിലിൽ മയങ്ങുന്ന മാനവരുടെ ദൈവം''

a) ആരാണ് വിളിച്ചത് ?

b) വിളിക്കാൻ കാരണമെന്ത് ?

c) ആരുടെ വരികൾ ?

d) ഏതു കവിതയിലെ വരികൾ ?

3) ''വിശസനം സുഖികളെ വിജ്ഞരാക്കുന്നു''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) ഏതു കവിതയിലെ വരികൾ ?

d) കവി ആര് ?

P.T.O.

4) ''നീ നുണ പറയുകയാണ്. നീ എത്ര തവണ ഉദ്ദേശിച്ചിരിക്കുന്നു ഇവിടെ വന്നെത്താൻ''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) ചെന്നെത്തിയത് എവിടെയാണ് ?

d) ഏത് കഥയിലെ വാക്യം ?

5) ''നിങ്ങളിത്ര മണ്ടച്ചാരായിപ്പോയല്ലോ. അവർ നിങ്ങളെ കയ്യോടെ ലോക്കപ്പിൽ തള്ളും''

a) ആരുടെ വാക്കുകൾ ?

b) ആരോടാണു പറയുന്നത് ?

c) കാരണമെന്ത് ?

d) ഏതു കഥയിലെ വാക്യം ?

II. **ഏഴുപത്തഞ്ചു**വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) ''എങ്ങനെയെങ്കിലും അവിടെ നിന്ന് പുറത്തു കടന്ന് വീട്ടിലേയ്ക്ക് മടങ്ങിയാൽ മതിയെന്ന് കൂടി അവൾക്കു തോന്നി'' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

7) ''സസംഭ്രമം പഴക്കത്താൽ ഭ്രൂലതതാനുണർന്നെന്തോ പ്രസംഗിപ്പാനൊരുങ്ങുന്നു ഫലിയായ്കിലും'' സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

8) ''മുഖ്യധാരയുടെ ഓരത്തുകൂടിയോ പലപ്പോഴും വിലങ്ങനയോ ആണ് കോവിലന്റെ സഞ്ചാരം'' – വ്യക്തമാക്കുക.

9) ''ആദ്യത്തെ കൂട്ടർക്ക് ഒരു വസ്തു അറീല്യ. അതോണ്ട് നോ കൺഫ്യൂഷൻ. മറ്റോർക്കാണെങ്കി സംശയൊഴിഞ്ഞിട്ട് നേരോല്യ. ഫലത്തിൽ രണ്ടും ഒന്നാ''. – സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.

10) സാവിത്രീ രാജീവന്റെ 'പ്രതിഷ്ഠ' എന്ന കവിതയുടെ സാമൂഹികതലം വിശകലനം ചെയ്യുക.

III. **നൂറ്റിയൻപതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(2×5=10 വെയിറ്റേജ്)**

11) തെയ്യത്തിന്റെ ചിത്രശില്പ ഘടനയിൽ ആര്യസ്വാധീനം എങ്ങനെയാണ് പ്രകടമായത് ?

12) ''നിഗ്രഹോൽസുകം സ്നേഹവ്യഗ്രമെങ്കിലും ചിത്തം'' ആരുടെ അവസ്ഥയാണിത് ? വിശദമാക്കുക.

BOSCO ARTS AND SCIENCE COLLEGE
LIBRARY
ANGADIKADAVU

13) 'മഴവില്ലും ചൂരൽ വടിയും' എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

14) ''ഇടമിതിഹ ലോകത്തിൻ പരമാവധിയാണ്''. സന്ദർഭം വ്യക്തമാക്കി വിശദീകരിക്കുക.

15) ''വഴിയിൽ ബീഡിക്കട കാണുമ്പോഴൊക്കെ അദ്ദേഹം വിചാരിക്കും : ആ നാലു കാശുണ്ടായിരുന്നെങ്കിൽ ഒരു ബീഡി മേടിച്ചു വലിക്കാമായിരുന്നു.'' ആരാണ് വിചാരിക്കുന്നത് ? കാരണമെന്ത് ?

16) കുറുമരുടെ പാർപ്പിടത്തെക്കുറിച്ച് വിവരിക്കുക.

IV. **മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(3×4=12 വെയിറ്റേജ്)**

17) ആശാന്റെ ജീവിതദർശനം 'കരുണ'യെ ആസ്പദമാക്കി വിവരിക്കുക.

18) 'കൊച്ചിയിലെ വൃക്ഷങ്ങൾ' എന്ന കവിതയ്ക്ക് നിരൂപണം തയ്യാറാക്കുക.

19) ചങ്ങലയ്ക്കിട്ട മനുഷ്യകാമനകളുടെ പ്രതീകമാണ് 'സഹ്യന്റെ മകനിലെ' ആന. – വിശദമാക്കുക.

20) ആധുനിക കഥയുടെ സവിശേഷതകൾ 'പക്ഷിയുടെ മണം' എന്ന കഥയെ ആസ്പദമാക്കി വിവരിക്കുക.

---